**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5586** | **13-08-2021 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങളുടെ ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയായി പരിക്കേൽക്കുന്നവർക്കും ജീവഹാനിയുണ്ടാവുന്നവരുടെ ആശ്രിതർക്കും നിലവിൽ വനം വകുപ്പ് മുഖേന നൽകിവരുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ? | (എ) | വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയായി പരിക്കേൽക്കുന്നവരും ജീവഹാനിയുണ്ടാവുന്നവരുടെ ആശ്രിതരും നഷ്ടപരിഹാരം ലഭിക്കുന്നതിനായി സംഭവം നടന്ന വനം റെയിഞ്ചിന്റെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് ഓൺലൈനായി ഇ-ഡിസ്ട്രിക്ട് പോർട്ടലിലെ ഇതിനായുള്ള സംവിധാനത്തിലൂടെ നിയമാനുസൃതമായ രേഖകൾ സഹിതം അപേക്ഷ നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് അതാത് സ്ഥലത്തെ അക്ഷയ കേന്ദ്രത്തെ അപേക്ഷകന് സമീപിക്കാവുന്നതാണ്. ഇപ്രകാരം ഓൺലൈനായി ലഭിക്കുന്ന അപേക്ഷയിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ അന്വേഷണം നടത്തി അപേക്ഷയിലെ വസ്തുതകൾ ശരിയാണെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടതിനുശേഷം അർഹമായ അപേക്ഷകളിൽ അനുവദനീയമായ തുക അടക്കമുള്ള ശിപാർശ സഹിതവും അർഹമല്ലാത്ത അപേക്ഷകളിൽ അപ്രകാരം ഉള്ള ശിപാർശ സഹിതവും ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ഓൺലൈനായി തന്നെ സമർപ്പിക്കുന്നു. അപേക്ഷയിലെ വസ്തുതകൾ പരിശോധിച്ച ശേഷം റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ശിപാർശയുടെ കൂടി അടിസ്ഥാനത്തിൽ അപേക്ഷകന് നിയമാനുസൃതം അർഹമായതുക അനുവദിച്ചുകൊണ്ടും അർഹമല്ലാത്ത അപേക്ഷകൾ നിരസിച്ചുകൊണ്ടും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഉത്തരവാകുന്നു. അനുവദിച്ച നഷ്ടപരിഹാരം അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നതാണ്. അപേക്ഷ സമർപ്പിക്കുമ്പോഴും, നഷ്ടപരിഹാരം അനുവദിക്കുമ്പോഴും, അപേക്ഷ നിരസിക്കുമ്പോഴും അപേക്ഷകന് എസ്.എം.എസ് മുഖാന്തിരം അറിയിപ്പ് ലഭിക്കുന്നതാണ്. അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന നമ്പർ ഉപയോഗിച്ച് അപേക്ഷയുടെ സ്ഥിതി |

| | | | |
|---|---|---|---|
| | | | അപേക്ഷകന് ഇ-ഡിസ്ട്രിക്റ്റ് പോർട്ടൽ മുഖാന്തിരം അറിയാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ